ഉത്തരം

(എ) പുതുതായി കണ്ടുപിടിക്കുന്ന മരുന്നുകളുടെ ഫലം പരിശോധിക്കുന്നതും അനുവാദം നൽകുന്നതും ഡ്രഗ്സ് കൺട്രോളർ ജനറൽ ഓഫ് ഇൻഡ്യ, ന്യൂഡൽഹിയാണ്.

(ബി) 1940-ലെ ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ഡ്രഗ്സ് കൺട്രോളർ ജനറൽ ഓഫ് ഇൻഡ്യക്ക് നേരിട്ട് ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് വേണ്ട നടപടി കൈക്കൊള്ളുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) അനധികൃത മരുന്നു പരിശോധനാ സംഭവങ്ങൾ കണ്ടെത്തുന്നതിനും പരിശോധിക്കുന്നതിനും ഡ്രഗ്സ് കൺട്രോൾ വകുപ്പിന് അധികാരമുണ്ട്. ഇത്തരത്തിലുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ&എഫ്) ഇതു സംബന്ധിച്ച വിവരങ്ങൾ സംസ്ഥാന സർക്കാരിൽ ലഭ്യമല്ല.

ആലപ്പുഴയിലെ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി തുറന്നുപ്രവർത്തിപ്പിക്കുന്നതിന് നടപടി

67 (657) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുനാമി പുനരധിവാസ പദ്ധതിയിൽപ്പെടുത്തി ആലപ്പുഴയിൽ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി കെട്ടിടം പണി പൂർത്തിയാക്കി ഉദ്ഘാടനം കഴിഞ്ഞിട്ടും രോഗികൾക്കുവേണ്ടി തുറന്നു കൊടുത്തിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കെട്ടിടം രോഗികൾക്കുവേണ്ടി ഉടനെ തുറന്നു കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കാമോ ;

ഉത്തരം

(എ) സുനാമി പുനരധിവാസ പദ്ധതിയിൽപ്പെടുത്തി ആലപ്പുഴയിൽ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി കെട്ടിടം 18-9-2010 മുതൽ രോഗികൾക്കുവേണ്ടി തുറന്നു കൊടുത്തിട്ടുണ്ട്.

(ബി) ഉദിക്കുന്നില്ല.

ദുർബല വിഭാഗ സുരക്ഷിതത്വ പദ്ധതി

68 (658) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെരുവുകളിൽ അലഞ്ഞുതിരിയുന്ന അനാഥരും വൃദ്ധരും സമനില നഷ്ടപ്പെട്ടവരുമായ ആൾക്കാരെ പുനരധിവസിപ്പിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള ദുർബല വിഭാഗ സുരക്ഷിതത്വ പദ്ധതിയുടെ പ്രവർത്തനം വിശദീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവരുടെ ചികിത്സയ്ക്കും പുനരധിവാസത്തിനും ചുമതലപ്പെടുത്തിയിട്ടുള്ള സർക്കാർ സ്ഥാപനങ്ങളും സന്നദ്ധ സംഘടനാ സ്ഥാപനങ്ങളും ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(സി) അലഞ്ഞു തിരിയുന്ന അനാഥരെയും വൃദ്ധരെയും ഈ സ്ഥാപനങ്ങളിൽ എത്തിക്കാനുള്ള സംവിധാനം വിശദമാക്കുമോ ;

(ഡി) ഈ പദ്ധതി പ്രകാരം 2007-08 മുതൽ 2009-10 വരെ ഓരോ സന്നദ്ധ സംഘടനയ്ക്കും നൽകിയ തുക സംബന്ധിച്ച വിശദവിവരം നൽകുമോ ;

(ഇ) ഇവയുടെ പരിശോധനയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം വിശദമാക്കുമോ ;

ഉത്തരം

(എ) അനാരോഗ്യം ബാധിച്ച് നിരാശ്രയരായി തെരുവുകളിൽ അലഞ്ഞു തിരിയുന്നവർക്കും രോഗം ഭേദമായതിനുശേഷം ആരും സ്വീകരിക്കുവാനില്ലാതെ ആശുപത്രികളിൽ കഴിയുവാൻ നിർബ്ബന്ധിതരായവർക്കും സംരക്ഷണം ഉറപ്പുവരുത്തുന്നതിനു വേണ്ടിയുള്ള സർക്കാർ പദ്ധതി അനുസരിച്ച് മേൽപ്പറഞ്ഞ വഭാഗത്തിൽപ്പെട്ടവരെ ഏറ്റെടുത്ത് അവർക്ക് എല്ലാവിധ സംരക്ഷണവും നൽകാൻ തയ്യാറുള്ള സന്നദ്ധ സംഘടനകളെ തെരഞ്ഞെടുത്ത് ചുമതല ഏൽപ്പിക്കുകയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഇതു കൂടാതെ ഈ വകുപ്പ് നേരിട്ട് നടത്തുന്ന വൃദ്ധസദനങ്ങളിലും ഇവരെ സംരക്ഷിച്ചു വരുന്നു. ഈ പദ്ധതിപ്രകാരം അപേക്ഷിക്കുന്ന സ്ഥാപനത്തിന് ഓർഫനേജ് കൺട്രോൾബോർഡിന്റെ അംഗീകാരവും, നിയമപ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയും ഉണ്ടായിരിക്കണം. ഒരു രജിസ്റ്റേർഡ് സംഘടനയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമായിരിക്കണം. സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിന് ജില്ലാ കളക്ടർ ചെയർപേഴ്സൺ ആയിട്ടുള്ള ഒരു ജില്ലാതല കമ്മിറ്റിയുണ്ട്. സ്ഥാപനങ്ങളുടെ അപേക്ഷയും ജില്ലാ സാമൂഹ്യക്ഷേമ ഓഫീസറുടെ പരിശോധനാ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ അർഹരായ സ്ഥാപനങ്ങളെ ജില്ലാതല കമ്മിറ്റിയുടെ അംഗീകാരത്തോടെ തെരഞ്ഞെടുക്കുന്നു. തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനത്തിലെ അന്തേവാസികൾക്ക് 750- രൂപ നിരക്കിൽ പ്രതിമാസ ഗ്രാന്റ് നൽകുന്നു.

(ബി) തിരുവനന്തപുരം ജില്ലയിലെ 3 സന്നദ്ധ സംഘടനാ സ്ഥാപനങ്ങൾക്കും (1) കരുണാലയം, പോത്തൻകോട്, (2) ശാന്തിമന്ദിരം, വേട്ടനാട്, നെടുമങ്ങാട്, (3) പുത്തൻമന്ദിരം, ചിറയിൻകീഴ്. എറണാകുളം ജില്ലയിലെ 4 സന്നദ്ധ സംഘടനാ സ്ഥാപനങ്ങൾ (1) ദി പെലിക്കൺ സെന്റർ, കാഞ്ഞിരമറ്റം, (2) ബത്‌ലഹേം അഭയ ഭവൻ കൂവപ്പടി, (3) അഭയ ഭവൻ,

LIBRARY ARCHIVES Kerala Legislative Assembly

ചാരിറ്റബിൾ സൊസൈറ്റി, കൂവപ്പടി, എറണാകുളം (4) ക്രിസ്തുരാജ പ്രയർസെന്റർ, പിറവം, എറണാകുളം. സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള 15 വൃദ്ധസദനങ്ങളിലും ഇപ്രകാരം അനാഥരും വൃദ്ധരുമായുള്ളവർക്ക് അടിയന്തര ഘട്ടങ്ങളിൽ പ്രവേശനം നൽകുന്നുണ്ട്.

(സി) പോലീസ് അധികാരികൾ സ്ഥാപനങ്ങളിൽ എത്തിക്കുന്നവരേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ ശുപാർശ ചെയ്യുന്നവരേയും ഈ സ്ഥാപനങ്ങളിൽ പ്രവേശിപ്പിക്കുന്നുണ്ട്.

(ഡി) 2007-08 മുതൽ 2009-10 വരെ നൽകിയ ധനസഹായത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു :

ജില്ല	സ്ഥാപനം	വർഷം	അനുവദിച്ച തുക (രൂപ)
തിരുവനന്തപുരം	1. കരുണാലയം, പോത്തൻകോട്	2007-08	22,500
		2008-09	3,56,250
		2009-10	96,500
	2. പുത്തൻമന്ദിരം, അഴൂർ	2007-08	46,500
		2008-09	1,27,500
		2009-10	97,500
	3. ശാന്തിമന്ദിരം, വാളിക്കോട്, നെടുമങ്ങാട്	2007-08	82,500
		2008-09	40,250
		2009-10	1,36,750
എറണാകുളം	1. ദി പെലിക്കൺ സെന്റർ,കാഞ്ഞിരമറ്റം	2007 മാർച്ച് മുതൽ 2009 ഫെബ്രുവരി	1,55,970
		വരെ 2009-10	2,25,000
	2. ബത്‌ലഹേം, അഭയഭവൻ, കൂവപ്പടി	2007 മാർച്ച് മുതൽ 2009 ഫെബ്രുവരി വരെ	1,55,970
		2009-10	2,25,000
	3. അഭയ ഭവൻ ചാരിറ്റബിൾ സൊസൈറ്റി	2007 മാർച്ച് മുതൽ 2009 ഫെബ്രുവരി വരെ	1,55,970
		2009-10	2,25,000
	4. ക്രിസ്തുരാജാ പ്രെയർ സെന്റർ, പിറവം	2007 മാർച്ച് മുതൽ 2009 ഫെബ്രുവരി വരെ	1,55,970
		2009-10	2,25,000

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ സ്ഥാപനങ്ങളിലും സർക്കാർ ഓൾഡ് ഏജ് ഹോമുകളിലും കേന്ദ്ര സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥർ പരിശോധന നടത്തുകയും അന്തേവാസികൾക്ക് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ പരിശോധിക്കുകയും ചെയ്യുന്നു. സ്ഥാപനവുമായും പദ്ധതിയുമായും ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്.

സാമൂഹ്യക്ഷേമ പെൻഷൻ ഗുണഭോക്താക്കൾക്ക് ബയോമെട്രിക് ഐഡന്റിറ്റി കാർഡ് നൽകുന്നതിനുള്ള നടപടിക്രമം

69 (659) ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ സാമൂഹ്യക്ഷേമപെൻഷൻ ഗുണഭോക്താക്കൾക്കും ബയോമെട്രിക് ഐഡന്റിറ്റി കാർഡ് നൽകുന്നതിനുള്ള നടപടിക്രമം പൂർത്തിയായോ ;

(ബി) ഇതിനായി ഏതൊക്കെ സ്ഥാപനങ്ങളുമായാണ് കരാറുണ്ടാക്കിയത് ; ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഇതുവരെ സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ എത്ര ഐഡന്റിറ്റി കാർഡുകൾ വിതരണം ചെയ്തു എന്ന് അറിയിക്കുമോ ;

(ഡി) ഇതിനായി എന്തു തുകയാണ് ചെലവഴിച്ചത് എന്ന് അറിയിക്കുമോ ;

ഉത്തരം

(എ&ബി) സാമൂഹ്യക്ഷേമ പെൻഷൻ ഗുണഭോക്താക്കൾക്ക് ബയോമെട്രിക് ഐഡന്റിറ്റി കാർഡ് നൽകുന്ന പദ്ധതിയുടെ പൈലറ്റ് പ്രോജക്ട് കൊല്ലം ജില്ലയിൽ നടപ്പാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിന് കെൽട്രോണിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

(സി) ഇതുവരെ കാർഡുകൾ ഒന്നും വിതരണം ചെയ്തിട്ടില്ല.

(ഡി) ഇതുവരെ ഒരു തുകയും ചെലവഴിച്ചിട്ടില്ല.

സോഷ്യൽ സെക്യൂരിറ്റി മിഷന്റെ പ്രവർത്തനങ്ങൾ

70 (660) ശ്രീ. കെ. കുട്ടി. അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പ്രവർത്തനവും വിശദീകരിക്കാമോ ;

(ബി) ഇതിന് ഏത് നിയമപ്രകാരമാണ് പ്രവർത്തനത്തിനുള്ള നിയമ പരിരക്ഷ ഉറപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; ഒരു കോപ്പി ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly